# പാട്ടിൽ കോർത്ത പടയോർമ്മകൾ: ചേറൂർ, മലപ്പുറം പടപ്പാട്ടുകളിലെ ചരിത്രവും സ്വാധീനവും.

**അബ്ദുൽ ബാരി. സി**

1921 ൽ മലബാറിൽ നടന്ന ജന്മിവിരുദ്ധ-ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നൂറു വയസ്സ് പൂർത്തിയാവുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ പല കാലങ്ങളിലായി നടന്ന സംഭവങ്ങളെ സൂചിപ്പിക്കുന്ന സൂചകങ്ങളെപ്പോലെ (9/11, 1789, 1914, 1919, 1942, 1945, 1947, etc..) ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പൊതുവിൽ സ്വീകരിക്കപ്പെട്ട സൂചകമായി 1921 മാറിയിട്ടുണ്ടെങ്കിലും, അത് ആ വർഷം നടന്ന സംഭവങ്ങളെ മാത്രമല്ല, ഏറ്റവും ചുരുങ്ങിയത് അര നൂറ്റാണ്ടു മുമ്പെങ്കിലും തുടങ്ങിയ മലബാറിലെ വിവിധ പോരാട്ടങ്ങളുടെ ചരിത്രത്തെയും പ്രതിനിധാനം ചെയ്യുന്നു. ഇരുപത്തൊന്ന്, തൊള്ളായിരത്തിയിരുപത്തൊന്ന്, ആയിരത്തി തൊള്ളായിരത്തിയിരുപത്തൊന്ന് തുടങ്ങി വർഷത്തെ സൂചിപ്പിച്ചു കൊണ്ടും മലബാർ കലാപം, മലബാർ സമരം, മലബാർ ലഹള തുടങ്ങി ദേശത്തെ സൂചിപ്പിച്ചു കൊണ്ടും മാപ്പിള കലാപം, മാപ്പിള ലഹള, ആംഗ്ലോ-മാപ്പിള യുദ്ധം തുടങ്ങി സമുദായത്തെ സൂചിപ്പിച്ചുമൊക്കെ അറിയപ്പെടുന്ന സങ്കീർണ്ണമായ ഈ ചരിത്രസംഭവത്തെ പുതിയ ഗവേഷണ രീതിശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ ഇനിയും പുനർവായിക്കേണ്ടതുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ നടന്ന പഠനങ്ങളിൽ ഭൂരിഭാഗവും കൊളോണിയൽ ആർക്കൈവുകളെ അവലംബിച്ചാണുള്ളതെന്നത് അവയുടെ പരിമിതിയും ഇനിയും പഠനം നടക്കേണ്ടതിന്റെ പ്രാധാന്യവും വെളിവാക്കുന്നു. ആർക്കൈവുകൾ അടിസ്ഥാനപ്പെടുത്തി പറഞ്ഞത് തന്നെ വീണ്ടും പറഞ്ഞു കൊണ്ടിരി

ക്കുന്നതിനു പകരം പുറത്തിറങ്ങി ആൾട്ടർനേറ്റീവായ സ്രോതസ്സുകൾ അനന്വേഷിച്ച് കൗണ്ടർ ആഖ്യാനങ്ങൾ രചിക്കേണ്ടതുണ്ട്. അതിനായി സാഹിത്യ കൃതികൾ, ഡയറിക്കുറിപ്പുകൾ, പത്രങ്ങൾ, പാട്ടുകൾ, മാസികകൾ, ആത്മ കഥകൾ, ജീവ ചരിത്രങ്ങൾ, ഓർമ്മക്കുറിപ്പുകൾ, സ്മാരകങ്ങൾ, കത്തുകൾ, വാമൊഴികൾ തുടങ്ങിയവയെല്ലാം ആശ്രയിക്കണം.

മലബാറിലെ മാപ്പിളമാരുടെ സാഹിത്യ സാംസ്കാരിക ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു അധ്യായമാണ് മാപ്പിളപ്പാട്ടുകൾ. മാപ്പിളപ്പാട്ട് മാപ്പിള സമുദായത്തിൽ പെട്ടവരും അല്ലാത്തവരുമായ കവികൾ എഴുതി, പാടി ജനകീയ വൽക്കരിച്ച ജനപ്രിയ കലാരൂപമാണ്. മലയാളം, തമിഴ്, ഹിന്ദി, ഉറുദു, അറബി, സംസ്കൃതം, പേർഷ്യൻ ഭാഷകളിലെ പദങ്ങൾ സുലഭമായി മാപ്പിളപ്പാട്ടുകളിൽ ഉപയോഗിച്ചിരുന്നു. മാപ്പിളപ്പാട്ടിന്റെ വ്യാകരണം അതിന്റെ ഉള്ളടക്കം പോലെ വൈവിധ്യവും സങ്കീർണവുമാണ്. മാപ്പിളപ്പാട്ടുകളിലെ പ്രധാനപ്പെട്ട ഒരു ശാഖയാണ് പടപ്പാട്ടുകൾ. പേര് സൂചിപ്പിക്കുന്ന പോലെ പടയും സമരവും യുദ്ധവുമെല്ലാം ഇതിവൃത്തമായി മുഖ്യമായും കൊളോണിയൽ പ്രതിരോധത്തിനായി എഴുതപ്പെട്ട പാട്ടുകളാണവ. മലബാറിൽ കൊളോണിയൽ വിരുദ്ധ, ജന്മി വിരുദ്ധ കലാപങ്ങളുടെ പശ്ചാത്തലമുള്ള പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെയാണ് അറബി മലയാളത്തിൽ പടപ്പാട്ടുകളും സജീവമാകുന്നത്. പടപ്പാട്ടുകളെ ഇസ്ലാമിക ചരിത്ര സംബന്ധമായത്, നാടോടി ഇസ്ലാമിക പാരമ്പര്യവുമായി ബന്ധപ്പെട്ടവ, കേരള ചരിത്രത്തെക്കുറിച്ചുള്ളവ, കാല്പനികമായവ എന്നിങ്ങനെ നാലായി തിരിക്കാം.[1] ബദർ പട, ഉഹ്ദ് പട, ഹുനൈൻ പട, തുടങ്ങിവയവയെല്ലാം ഇസ്ലാമിക ചരിത്രങ്ങൾക്കും മലപ്പുറം പട, ചേറൂർ പട തുടങ്ങിയവ കേരള ചരിത്രം പറയുന്ന പടപ്പാട്ടുകൾക്ക് ഉദാഹരങ്ങളാണ്. മലബാറിലെ കൊളോണിയൽ കാലഘട്ടത്തിന്റെ ചരിത്രാനന്വേഷണത്തിൽ പടപ്പാട്ടുകൾ പരിഗണിക്കപ്പെടേണ്ട സ്രോതസ്സുകളാണ്. ആർക്കൈവുകളെയും ലിഖിതമായ തെളിവുകളെയും അടിസ്ഥാനപ്പെടുത്തി മാത്രം നടന്നിരുന്ന ചരിത്ര രചന രീതിയിൽ നിന്നും ഇവിടെ ആഖ്യാതാവിന് മാറി സഞ്ചരിക്കേണ്ടി വരും; ചരിത്രമെന്നാൽ സത്യമാണെന്നും ഓർമ്മകൾക്ക് അടിത്തറയില്ലാത്തതാണെന്നും സാഹിത്യം കെട്ടുകഥകളാണെന്നുമുള്ള മിഥ്യാധാരണകൾ മാറ്റി വെക്കേണ്ടി വരും.

ഓർമ്മകളിൽ നിന്ന് ചരിത്രങ്ങൾ 'കടഞ്ഞെടുത്തതിന്' നമ്മുടെ ചരിത്ര/സാഹിത്യ പുസ്തകങ്ങളിൽ ഉദാഹരണങ്ങൾ

കാണാം. മഹാകവി മോയിൻ കുട്ടി വൈദ്യരുടെ മലപ്പുറം പടപ്പാട്ട് അതിന് നല്ലൊരുദാഹരണമാണ്. കേരള ചരിത്രത്തിലെ ഒരു സംഭവത്തെ പശ്ചാത്തലമാക്കി അറബി മലയാളത്തിൽ എഴുതപ്പെട്ട സാഹിത്യ കൃതിയാണ് മലപ്പുറം പടപ്പാട്ട്. 'വൈദ്യർ മലപ്പുറം പടപ്പാട്ട് രചിക്കാൻ മുഖ്യമായും ആശ്രയിച്ചത് വാമൊഴി വഴക്കങ്ങളെയാണ്. ഏകദേശം 2 വർഷം മലപ്പുറത്ത് താമസിച്ചു പടയുമായി ബന്ധപ്പെട്ട കുടുംബങ്ങളിൽ നിന്നുമാണ് പാട്ട് കെട്ടാനാവശ്യമായ വിവര ശേഖരണം നടത്തിയത്' എന്ന് ഡോ. കെ.കെ. മുഹമ്മദ് സത്താർ നിരീക്ഷിക്കുന്നു.[2] ഇവിടെ ചരിത്രം പരമ്പരാഗത രീതിയിൽ നിന്ന് മാറി സഞ്ചരിക്കുന്നു. ഒന്നാമതായി മോയിൻകുട്ടി വൈദ്യർ ഒരു ചരിത്രകാരൻ എന്നതിലുപരി കവിയും തൊഴിൽ കൊണ്ട് വൈദ്യനുമാണ്. പരമ്പരാഗത രീതിയിൽ ചരിത്രവും സാഹിത്യവും ഇരു ധ്രുവങ്ങളിലുള്ള പഠന ശാഖകളായിരുന്നു. ചരിത്രം സത്യത്തെയും സാഹിത്യം കെട്ടുകഥകളെയുമാണ് പ്രതിനിധാനം ചെയ്തിരുന്നത്. എന്നാൽ കവിയായ മോയിൻകുട്ടി വൈദ്യർ ചരിത്ര രചയിതാവാവുന്നതിലൂടെ പഴയ ചരിത്ര രചന രീതിയെ പൊളിച്ചെഴുതുന്നു. രണ്ടാമതായി, മലപ്പുറം പടയെക്കുറിച്ച് വൈദ്യർ രണ്ടു വർഷത്തോളം മലപ്പുറത്തു താമസിച്ചു വിവരം ശേഖരിക്കുന്നു എന്നതാണ്. (മലപ്പുറം പടപാട്ടിനു മുൻപ് രചിച്ച ബദ്ർ, ഉഹ്ദ് പടപ്പാട്ടുകൾക്കായി കൊണ്ടോട്ടിക്കാരനായ വൈദ്യർക്ക് മക്കയിലോ മദീനയിലോ പോയി വിവര ശേഖരണം നടത്തേണ്ടി വന്നിട്ടില്ല എന്ന് കൂടി ഓർക്കുന്നത് ഇവിടെ പ്രസക്തമാണ്) ലഭ്യമായ വിവരങ്ങൾ വെച്ച് പടപ്പാട്ടിനാസ്പദമായ സംഭവം നടന്നത് 1728ൽ ആണെന്ന് വ്യക്തമാണ്. വൈദ്യർ പടപ്പാട്ട് രചിക്കുന്നത് 1883ലും അത് അച്ചടിക്കുന്നത് 1885ലുമാണ്. അതായത് വൈദ്യർ അന്വേഷിച്ചു കണ്ടെത്തി പാട്ടിൽ കെട്ടിയത് ഒന്നര നൂറ്റാണ്ടിന്റെ മലപ്പുറത്തുകാരുടെ ഓർമ്മകളിലെ ചരിത്രമാണെന്നർത്ഥം. മൂന്നാമതായി, വൈദ്യരുടെ ഈ ചരിത്ര - സാഹിത്യ രചനക്ക് അദ്ദേഹം പ്രാഥമിക സ്രോതസ്സായി ഉപയോഗിക്കുന്നത് വാമൊഴികളാണ്. വാമൊഴികൾ ചരിത്ര രചയിതാക്കൾക്ക് 'തൊട്ട് കൂടാത്തതും തീണ്ടിക്കൂടാത്തതും' ആയ ഒരു കാല ഘട്ടത്തിൽ അവയെ പ്രധാന റഫറൻസ് ആയി സ്വീകരിച്ച് ചരിത്ര കാവ്യം രചിച്ച മോയികുട്ടി വൈദ്യർ മുമ്പേ നടന്ന നവ ചരിത്രകാരൻ കൂടിയാണെന്ന് പ്രസ്താവിക്കാം. നാലാമതായി, സത്യാന്വേഷണ ത്തിന്റെ മുൻവിധിയില്ലാത്ത ചരിത്രാന്വേഷിക്ക് സംഭവങ്ങളെ / കാര്യങ്ങളെ കുറെ കൂടി വിശാലമായി കാണാൻ സാധിക്കുന്നു. ഡോ. സത്താറിന്റെ നിരീക്ഷണം ഈ പ്രസ്താവനയെ കൂടുതൽ ശരി

വെക്കുന്നു. അദ്ദേഹം പറയുന്നു: 'മലപ്പുറം പടപ്പാട്ടിന്റെ രചനയിലൂടെ മലബാർ ചരിത്രത്തിൽ ചാരം മൂടിക്കിടന്ന ഒരു ചരിത്ര സംഭവം അടയാളപ്പെടുത്താൻ വൈദ്യർക്ക് സാധിച്ചുവെന്നതാണ് പ്രധാനം'.[3] നാല്പത്തി നാല്പേർ രക്തസാക്ഷികളായ പടയുടെ ചരിത്രം അടയാളപ്പെടുത്തുന്നതിലൂടെ ചാരം(മായി)മൂടിക്കിടന്ന മാപ്പിളമാരുടെ ഓർമ്മകളെയാണ് വൈദ്യർ ഊതിക്കാച്ചിയതും പുനരുജ്ജീവിപ്പിച്ചതും. വൈദ്യരുടെ ഈ പ്രവർത്തി ആകസ്മികമായിരുന്നില്ല.

മലപ്പുറം പടപ്പാട്ടിന്റെ മുഖവുരയിൽ കോപ്പി റൈറ്റിനെക്കുറിച്ച് ഇങ്ങനെ ചേർത്തിരുന്നു. 'ഇതാകുന്ന ഈ പാട്ട് കൊണ്ട് വട്ടി മേലങ്ങാടി ഒട്ടു പാറക്കൽ ആലുങ്ങൽ കണ്ടി മോയിൻകുട്ടി വൈദ്യരാൽ ഉണ്ടാക്കപ്പെട്ടതും തന്റെ സ്വന്തം ചെലവിന്മേൽ അരയാൽ പുറത്ത് കുഞ്ഞമ്മത് തയ്യിലക്കണ്ടി എന്ന പുരയിൽ വെച്ച് മള്ഹറിൽ ഉലൂം എന്ന അച്ചു കൂടത്തിൽ അടിപ്പിക്കപ്പെട്ടതും ഇന്ത്യ ഗവർമെന്റിന്റെ 1867ലെ 25ആം നമ്പർ ആക്ട് പ്രകാരം തലശ്ശേരി ഡിസ്ട്രിക്ട് രജിസ്ത്രാപ്പീസിൽ രജിസ്റ്റർ ആക്കിയതും ആകയാൽ അന്യന്മാർക്ക് ഒരുത്തർക്കും അടിക്കുകയും അടിപ്പിക്കുകയും ചെയ്തു കൂടാത്തതും ആകുന്നു. അവകാശം ലംഘിച്ച് അച്ചടിക്കുകയോ അടിപ്പിക്കുകയോ ചെയ്തിരുന്നാൽ നിയമ പ്രകാരം സകലത്തിനും അവർ ഉത്തരം പറയേണ്ടി വരുന്നതുമാകുന്നു'. ഒരു പക്ഷെ, എല്ലാ കൃതികളുടെയും പ്രസിദ്ധീകരണ സമയത്ത് കൊടുക്കുന്ന കോപ്പി റൈറ്റ് കുറിപ്പായി വൈദ്യർ കൊടുത്തതാവാം. എന്നിരുന്നാലും ഈ മുന്നറിയിപ്പ് പിൽക്കാലത്ത് മാപ്പിളമാരെ ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിന് ആവേശം പകർന്ന, ബ്രിട്ടീഷുകാരെ കുഴക്കിയ ഒരു കാവ്യ രചനയുടെ മുഖവുരയിലുള്ളതാണെന്നത് ഏറെ പ്രാധാന്യമുള്ളതാക്കുന്നു. എന്നാൽ പടപ്പാട്ടുകൾ, മൗലിദുകൾ, മാലകൾ എന്നിവയൊക്കെ വായിക്കുക എന്നതിലുപരി പ്രചാരത്തിലുണ്ടായിരുന്നത് ചൊല്ലലിലൂടെ (performance) ആയിരുന്നു എന്നും ഓർക്കേണ്ടതുണ്ട്. ലിഖിത രൂപത്തിലുള്ളതിനെ നിരോധിക്കാം, നശിപ്പിക്കാം, താക്കീതു നൽകാം, കണ്ടു കെട്ടാം; പക്ഷെ പാടിപ്പാടി തലമുറകൾ കൈ മാറുന്ന പാട്ടുകളെ എങ്ങനെ ചെറുക്കാനാകും? ആ പാട്ടോർമ്മകളെ, പടയോർമ്മകളെ എങ്ങനെ മായ്ക്കാനാകും?

പ്രീ-ബ്രിട്ടീഷ് പിരീഡിൽ നടന്ന മലപ്പുറം പടയെക്കുറിച്ച് ചരിത്ര രേഖകളുടെ ദൗർലഭ്യത കൊണ്ടാവണമല്ലോ മോയിൻകുട്ടി

വൈദ്യർക്ക് പട നടന്ന മലപ്പുറത്ത് പോയി രണ്ടു വർഷം താമസിച്ചു വിവര ശേഖരണം നടത്തേണ്ടി വന്നത്. ആയത് കൊണ്ട് തന്നെ, പിൽകാലത്ത് മലപ്പുറം പടപ്പാട്ടിനാധാരമായ ചരിത്ര സംഭവം എന്ന പേരിൽ ചരിത്രകാരന്മാർ എഴുതിയതും പ്രചരിപ്പിച്ചതുമായ വിവരണം മോയിൻകുട്ടി വൈദ്യർ ശേഖരിച്ച വാമൊഴികളെയോ മറ്റു ഓർമ്മകളെ അടിസ്ഥാനപ്പെടുത്തിയോ ഉള്ളതാകാമെന്ന് അനുമാനിക്കാം. ഇത്തരം ആഖ്യാന സന്ദർഭങ്ങളിൽ ചരിത്രവും ഓർമ്മയും സാഹിത്യവും തമ്മിലുള്ള വേർതിരിവിന്റെ വരകൾ മറന്നു/മാഞ്ഞു പോകുന്നതും ദർശിക്കാം. ഡോ. കെ. കെ സത്താർ വിവരിക്കുന്നു: മലപ്പുറം പടപ്പാട്ടിനാധാരമായ സംഭവം ഹി. 1141 ശഅബാൻ 9/1728 മാർച്ച് 9-നാണ് നടന്നത്. സാമൂതിരിയുടെ സാമന്തനായ പാറനമ്പിയായിരുന്നു മലപ്പുറത്തെ നാടുവാഴി കോട്ടക്കൽ കിഴക്കേ കോവിലകവുമായുണ്ടായ യുദ്ധത്തിൽ പാറനമ്പി വിജയിച്ചത് മലപ്പുറത്തെ മാപ്പിളപ്പോരാളികളുടെ പിൻബലം കൊണ്ടാണ്. പാറനമ്പി-മാപ്പിള സഹകരണമാണ് മലപ്പുറം വലിയങ്ങാടി പള്ളി സ്ഥാപിക്കുന്നതിലേക്കും പള്ളിക്കു ചുറ്റുമായി മാപ്പിള അധിവാസ കേന്ദ്രം വളർന്നു വരാനിടയുമാക്കിയത്. അന്നത്തെ പാറനമ്പിയായ ശങ്കര നമ്പി പ്രത്യേക താൽപര്യമെടുത്ത് പൊന്നാനി മഖ്ദൂം കുടുംബാംഗമായ പോക്കർ ഹസൻ മഖ്ദൂമിനെ മലപ്പുറത്ത് വരുത്തിയാണ് പള്ളി പണിതതും മുസ്ലിം അധിവാസ കേന്ദ്രം സ്ഥാപിച്ചതും. ശങ്കര നമ്പിയുടെ കാലശേഷമുണ്ടായ സംഭവ വികാസങ്ങളാണ് മലപ്പുറം യുദ്ധത്തിനാധാരം'.[4] വില്യം ലോഗൻ മലബാർ മാന്വലിലോ സി. എ ഇന്നിസിന്റെ മലബാർ ഗസറ്റിയറിലോ ഒന്നും കാര്യമായ വിശദാംശങ്ങൾ ഈ ചരിത്ര സംഭവത്തെക്കുറിച്ച് ഇല്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

മാപ്പിള സാഹിത്യവും മലയാള ഭാവനയും എന്ന പുസ്തകത്തിൽ മലപ്പുറം പടയിലെ സ്ത്രീ സാന്നിധ്യത്തെ വിശകലനം ചെയ്യുന്ന ലേഖനത്തിൽ ഡോ. വി ഹിക്മത്തുള്ള കഥാസാരം എന്ന ശീർഷകത്തിൽ ഇങ്ങനെ എഴുതുന്നു: 'സാമൂതിരിയുടെ സാമന്ത രാജാവായിരുന്ന മലപ്പുറത്തെ പാറനമ്പി, തന്നെ യുദ്ധത്തിൽ സഹായിച്ച മുസ്ലിംങ്ങളോടുള്ള പ്രത്യുപകാരം എന്ന നിലക്ക് മലപ്പുറത്ത് മുസ്ലിംകൾക്ക് വേണ്ടി പട്ടണവും പള്ളിയും നിർമ്മിക്കാൻ സന്തോഷത്തോടെ അനുവാദം നൽകി. പള്ളിയുടെ ശില്പ ഭംഗി ആസ്വദിക്കുവാൻ മറ്റു ദേശങ്ങളിലെ മുസ്ലിംങ്ങളും മലപ്പുറത്തെത്തി. ധീരതയും ചുറുചുറുക്കുമുള്ള വള്ളുവനാട്ടുകാരൻ അലി മരക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അലി മരക്കാരുടെ

ഗാംഭീര്യം ഇഷ്ടപ്പെട്ട പാറനമ്പി അദ്ദേഹത്തെ തന്റെ നികുതി പിരിവുകാരനായി നിയോഗിച്ചു. കണക്കു പ്രകാരം നികുതി നൽകാൻ തയ്യാറാകാത്തവരെ മർദ്ദനത്തിലൂടെ പിടിച്ചു കെട്ടാനും അദ്ദേഹത്തിന് അനുവാദമുണ്ടായി. എന്നാൽ, പാറനമ്പിയുടെ തന്നെ അകന്ന ബന്ധത്തിൽ പെട്ട ചിലരോട് ഇത്തരത്തിൽ പെരുമാറിയത് അലി മരക്കാരോട് രാജ കുടുംബത്തിന് വിദ്വേഷം ജനിക്കുവാൻ കാരണമായി. അവരുടെ ഗൂഢാലോചന പ്രകാരം അലി മരക്കാരെ ചതിച്ചു കൊല്ലാൻ പാറനമ്പി സന്നദ്ധനായി. അലി മരക്കാരും രണ്ടു സുഹൃത്തുക്കളും പാറനമ്പിയുടെ പടയാളികളോട് പോരാടി മരണപ്പെടുകയും ചെയ്തു. പാറനമ്പിയുടെ പടയാളികൾ പലരും കൊല്ലപ്പെട്ട ഈ പോരാട്ടത്തിൽ പാറനമ്പിക്ക് മുറിവേൽക്കുകയും ചെയ്തു. പ്രകോപിതനായ പാറനമ്പി മുസ്ലിംകളെ മുഴുവൻ ആട്ടിയോടിക്കാൻ തീരുമാനിച്ചു. തെറ്റുകാരനായി താങ്കൾ ഗണിക്കുന്ന അലി മരക്കാരെ കൊന്നു കഴിഞ്ഞ സ്ഥിതിക്ക് ഇനി ജനങ്ങളെ ജീവിക്കാനനുവദിച്ചുകൂടേയെന്ന് മുസ്ലിംകൾ കേണപേക്ഷിച്ചു. എന്നിട്ടും കൂട്ടാക്കാതെ അന്യദേശത്തു നിന്ന് സൈന്യങ്ങളെ വിളിച്ചു വരുത്തി മുസ്ലിംകളുടെ നഗരവും പള്ളിയും നശിപ്പിക്കാൻ പാറനമ്പി കോപ്പ് കൂട്ടി. സ്ത്രീകളും കുട്ടികളും അന്യ ദേശങ്ങളിലേക്ക് ഒഴിഞ്ഞു പോവുകയും പുരുഷന്മാർ പള്ളി സംരക്ഷിക്കാൻ വേണ്ടി പോരാടി രക്ത സാക്ഷികളാവുകയും ചെയ്തു. പള്ളി നശിപ്പിച്ച ശേഷം പിന്നീട് പാറനമ്പിക്ക് മനസ്താപമുണ്ടാകുകയും പള്ളി പുനർ നിർമ്മിച്ച് മുസ്ലിംകളെ തിരിച്ച് വിളിക്കുകയും ചെയ്തു. ഇതാണ് മലപ്പുറം പടപ്പാട്ടിന്റെ ഇതിവൃത്തം'.[5] ഹിക്മത്തുള്ള തന്റെ വിവരണത്തിന് 'കഥാ സാരം' എന്നാണ് തലക്കെട്ട് നൽകിയിരിക്കുന്നത്, വിവരണം അവസാനിക്കുന്നത് 'ഇതാണ് മലപ്പുറം പടപ്പാട്ടിന്റെ ഇതിവൃത്തം' എന്ന് പറഞ്ഞിട്ടാണ്. ഹിക്മത്ത് ചരിത്രം എന്ന വിശേഷണം മനപ്പൂർവ്വം ഒഴിവാക്കിയതാവാം എന്നും കരുതാം. അതെ സമയം 'കഥ' എന്ന പ്രയോഗം മാപ്പിളപ്പാട്ടിലെ ഖിസ്സപ്പാട്ടിലേക്കുള്ള സൂചനയുമാവാം. ചരിത്രപരവും അല്ലാത്തതുമായ സംഭവങ്ങളെ കോർത്തിണക്കി പാട്ടു കെട്ടുന്ന രീതിയാണ് ഖിസ്സപ്പാട്ട്. മലപ്പുറം പടപ്പാട്ടിന്റെ പ്രധാന വിഷയം മലപ്പുറത്തു നടന്ന ഏറ്റുമുട്ടൽ തന്നെയാണെങ്കിലും അതിൽ കേരളത്തെയും ഇസ്ലാമിക വിശ്വാസത്തെയുമൊക്കെ സംബന്ധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ വിവരിക്കുന്നുണ്ട്. എഴുപത്തൊന്ന് ഇശലുകളടങ്ങിയ മലപ്പുറം പടപ്പാട്ടിന്റെ ആദ്യത്തെ മൂന്ന് ഇശലുകളിൽ അനുഗ്രഹ പ്രാർത്ഥനകളും

പ്രവാചകന്റെ അമാനുഷികതയുമൊക്കെ വിവരിക്കുന്നു. അനുഗ്രഹ പ്രാർത്ഥനയും കവി വൈദ്യപുത്രൻ (ഫയൽ തബീബ്) എന്ന പരാമർശവും മറ്റു കാവ്യ രചന രീതികളിൽ വൈദ്യർക്കുള്ള പാടവം തുറന്നു കാട്ടുന്നു. പടപ്പാട്ടിലെ നാലു മുതൽ പതിനാറു വരെയുള്ള ഇശലുകൾ ചേരമാൻ പെരുമാളിന്റെ ജീവ ചരിത്രം, കേരളത്തിലെ ഇസ്ലാമിന്റെ ആഗമനം, വ്യാപനം, സാമൂതിരി രാജാവും നാടുവഴികളും, പാറനമ്പിയുടെയും മുസ്ലിംകളുടെയും ഐക്യം തുടങ്ങിയവയാണ് വിവരിക്കുന്നത്. പതിനേഴാം ഇശൽ മുതലാണ് മലപ്പുറത്തെ പോരാട്ടത്തെ സംബന്ധിച്ച നേരിട്ടുള്ള വിവരണങ്ങൾ തുടങ്ങുന്നത്. പിന്നീടുള്ള ഇശലുകളിൽ യോദ്ധാക്കളെപ്പറ്റിയും ഏറ്റുമുട്ടലിലെ വിവിധ ഘട്ടങ്ങളുമെല്ലാം സുദീർഘമായി തന്നെ വൈദ്യർ അവതരിപ്പിക്കുന്നു. ഇതിനിടയിൽ പള്ളിയുടെ വിവരണവും രക്തസാക്ഷികളെ കാത്തിരിക്കുന്ന ഹൂറികളുടെ വിവരണവും എടുത്തു പറയേണ്ടതാണ്.

കേരളത്തിലെ ചരിത്ര സന്ദർഭത്തെ പശ്ചാത്തലമാക്കി എഴുതപ്പെട്ട ആദ്യത്തെ സാഹിത്യ കൃതിയാണ് ചേറൂർ പടപ്പാട്ട്. 1843ൽ വേങ്ങരക്കടുത്ത ചേറൂരിൽ നടന്ന മാപ്പിള-ജന്മി-കൊളോണിയൽ ഏറ്റുമുട്ടലുകളിലെ രക്ത സാക്ഷികളെ അനുസ്മരിച്ചു കൊണ്ട് രചിക്കപ്പെട്ടതാണ് ഈ കാവ്യം. പടപ്പാട്ടിനാധാരമായ സംഭവങ്ങൾ നടന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്ന ചേറൂർ സ്വദേശികളായ മുഹമ്മദ് കുട്ടിയും മുഹയുദ്ധീനും ചേർന്നാണ് ഇത് രചിച്ചത്. കലാപത്തിന്റെയും രക്ത സാക്ഷികളുടെയും ഓർമ്മകൾ മാഞ്ഞു പോകുന്നതിനു മുമ്പേ ഈ രണ്ട് കവികൾ ഈ ചരിത സംഭവത്തെ 'പാട്ടി'ലാക്കി. വിവരമറിഞ്ഞ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി പടപ്പാട്ട് കണ്ടു കെട്ടുകയും നിരോധിക്കുകയും ചെയ്തു. 'ചേറൂർ പടപ്പാട്ട് കനൽപഥങ്ങളിലെ ഇശൽ ജ്വാലകൾ' എന്ന പുസ്തകത്തിൽ ഡോ. പി. സക്കീർ ഹുസൈൻ പറയുന്നത് ഇപ്രകാരമാണ്: 'പിന്നീട് വളരെ സാഹസികമായി ഇതിന്റെ ഒറ്റ കയ്യെഴുത്തു പ്രതി വേങ്ങരയിലെ അധികാരിയായിരുന്ന എടത്തോളയിലെ പരേതനായ കൂളിപ്പുലാക്കൽ മുഹമ്മദ് ഹാജി തന്റെ വീട്ടിൽ സൂക്ഷിച്ച് പോന്നു. ഗവേഷകനായ കെ.കെ. മുഹമ്മദ് അബ്ദുൽ കരീം മാസ്റ്റർ, തന്റെ നിതാന്തമായ അന്വേഷണത്തിനിടയിൽ അത് കണ്ടെത്തുകയും അതിന്റെ പകർപ്പ് എടുത്ത് ആവശ്യക്കാർക്ക് നൽകുകയും ചെയ്തു'.[6] 1843ൽ നടന്ന ചരിത്ര സംഭവത്തെ ആസ്പദമാക്കി രണ്ട് വർഷത്തിനുള്ളിൽ തന്നെ പടപ്പാട്ട് രചിച്ചെങ്കിലും നിരോധനത്തെത്തുടർന്ന് അത് പുറം ലോകം

കാണാൻ ഏറെ കാലമെടുത്തു എന്ന് അനുമാനിക്കാം. പക്ഷെ, മാപ്പിളമാർക്കിടയിൽ ചേറൂർ പടപ്പാട്ടിന്റെ ഇശലുകൾ സജീവമായിരുന്നുവെന്നു കാണാം. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും മലബാറിൽ നടന്ന ജന്മി- കൂടിയാൻ -കൊളോണിയൽ സംഘട്ടനങ്ങളുടെ സന്ദർഭങ്ങളിലെല്ലാം മാപ്പിളമാർ ചേറൂർ പടപ്പാട്ട് പ്രചോദനത്തിനായി പാടിയിരുന്നുവെന്ന് കൊളോണിയൽ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചരിത്ര സംഭവങ്ങളോ മറ്റോ ഒരിക്കൽ പാട്ടിൽ കെട്ടിയാൽ പിന്നെ (മാപ്പിളമാർക്കിടയിൽ) നിരന്തരമായി പ്രചരിക്കുമെന്നും ഓർമ്മകളെ ഉണർത്തി നിർത്തുമെന്നും നമുക്ക് ഇതിൽ നിന്ന് മനസ്സിലാക്കാം. ലിഖിത രൂപങ്ങളുടെ അഭാവം അതിന് തടസ്സമായിരുന്നില്ല.

അമ്പത്തൊന്നു ഇശലുകളിലായി കെട്ടിയിട്ടുള്ള ചേറൂർ പടപ്പാട്ട് 'സാരസർഗുണ തിരുതരുളമാല' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഉപചാര വഴക്കങ്ങളോടെയുള്ള പ്രാർത്ഥനയാണ് ഒന്നാമത്തെ ഇശൽ. രണ്ട്, മൂന്ന് ഇശലുകളിൽ ഇസ്ലാമിന്റെ പ്രചാരണം തിരൂരങ്ങാടിയിലെത്തിയതും മമ്പുറം തങ്ങളുടെ ആഗമനവും വിവരിക്കുന്നു. നാലാമത്തെ ഇശൽ മുതലാണ് പാട്ടിന്നാധാരമായ ചരിത്ര സംഭവത്തിലേക്ക് വിരൽ ചൂണ്ടുന്ന വിവരണം തുടങ്ങുന്നത്. പിന്നീട് കാര്യമായ വ്യതിയാനം ഇല്ലാതെ ചേറൂർ കലാപം എന്ന പേരിലറിയപ്പെടുന്ന ജന്മി-കുടിയാൻ-കൊളോണിയൽ ഏറ്റുമുട്ടലുകളെ അവതരിപ്പിക്കുന്നു. പിൽക്കാലത്തും തുടർന്ന് പോന്ന രക്ത സാക്ഷികളെ മഹത്വ വൽക്കരിക്കലും സ്വർഗത്തിൽ കാത്തിരിക്കുന്ന ഹുറീങ്ങളുടെ വർണ്ണനയും 'കടിഞ്ഞൂൽ കനി' എന്നു വിശേഷിപ്പിക്കപ്പെട്ട ഈ പടപ്പാട്ടിൽ കാണാവുന്നതാണ്. 'ചേറൂർ കലാപം ഒരു വിശകലനം', 'ചരിത്ര വാസ്തവികതയിലെ പാഠഭേദങ്ങൾ' എന്നീ തലക്കെട്ടുകളിൽ ഡോ. പി. സക്കീർ ഹുസൈൻ തന്റെ പുസ്തകത്തിൽ ഹ്രസ്വമായി ചേറൂർ കലാപത്തെ സംബന്ധിച്ച് വിവരണം നല്കുന്നുണ്ട്. വെന്നിയൂരിലെ ദേശവാഴിയായിരുന്ന കപ്രാട്ട് കൃഷ്ണപ്പണിക്കർ തന്റെ അടിയാളരുടെ മതം മാറ്റത്തെക്കുറിച്ച് അറിയുകയും ക്ഷുഭിതനാവുകയും ചെയ്യുന്നു. മതം മാറ്റത്തോടനുബന്ധിച്ചുള്ള വേഷവിധാന മാറ്റത്തിനെ ചോദ്യം ചെയ്യുകയും സ്ത്രീകളടക്കമുള്ള ആറംഗ സംഘത്തിനെ ബലം പ്രയോഗിച്ച് വസ്ത്രം അഴിപ്പിക്കുകയും ജയിലിലടക്കുകയും ചെയ്യുന്നു. വിവരമറിഞ്ഞ മമ്പുറം തങ്ങൾ അവരെ ആശ്വസിപ്പിക്കുന്നു. സംഭവം അറിഞ്ഞ സമീപത്തുകാരായ മാപ്പിളമാർ കൃഷിപ്പണിക്കരെ ചോദ്യം ചെയ്യുകയും കൊലപ്പെടു

ത്തുകയും ചെയ്തു. തുടർന്ന് ഈ ഏഴംഗ സംഘം ചേറൂരിലുള്ള പാറനമ്പിയുടെ ഒരു ബന്ധുവിന്റെ വീട് കയ്യേറി. കൃഷ്ണപ്പണിക്കർ അധികാരിയുടെ കൊലയാളികളായ ഇവരെ തളക്കാൻ കമ്പനി പട്ടാളവും രാമന്റെ പോഷക സേനയും ചേറൂരിലെത്തി. സയ്യിദ് മമ്പുറം അലവി തങ്ങൾ മുഖേനയും ഒരു മാപ്പിള മുഖേനയും അനുരഞ്ജനത്തിന് ശ്രമിച്ചു. അതും ഫലം കാണാതെ വന്നപ്പോൾ ഇരു സംഘങ്ങളും തമ്മിൽ ഏറ്റു മുട്ടി. ശഹീദാകാൻ തയ്യാറായി ഇറങ്ങിപ്പുറപ്പെട്ട ഏഴു പേരും ശഹീദാകുന്നതോടെ യുദ്ധം അവസാനിച്ചു.'ഏഴു മാപ്പിള യോദ്ധാക്കളുടെ മൃത ശരീരങ്ങൾ ചുമന്ന് തിരൂരങ്ങാടിയിലേക്ക് കൊണ്ട് പോയി. ഇതാണ് 'ചേറൂർ കലാപം ഒരു വിശകലനം' എന്നതിന്റെ സംഗ്രഹം. ഈ വിവരണത്തിലും ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും ഇടയിലുണ്ടായിരുന്ന അതിർ വരകൾ മാഞ്ഞു പോകുന്നത് കാണാം. നവ ചരിത്ര വാദികൾ മുന്നോട്ട് വെക്കുന്ന ചരിത്രത്തിന്റെ കഥാ മാനവും കഥകളുടെ ചരിത്ര പരതയും ഇവിടെ പ്രസക്തമാണ്. ചേറൂർ പടപ്പാട്ട് ഒരു പ്രാദേശിക ചരിത്ര രേഖയായി പരിഗണിക്കാമെന്ന സക്കീറിന്റെ നിരീക്ഷണവും ഏറെ ശ്രദ്ധേയമാണ്. 'ഒരു സാഹിത്യാവിഷ്കാരം എന്ന നിലയിൽ ചരിത്ര വാസ്തവികതയോടൊപ്പം തന്നെ കാവ്യകാല്പനികതയും ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്നു. അതിഭാവുകത്വങ്ങളെയും അതിവർണ്ണനകളെയും മാറ്റി നിർത്തിയാലും കൃതിയിലെ ജന ജീവിതാംശങ്ങളെ പ്രാദേശിക ചരിത്രരചനക്ക് ഉപാദാനയോഗ്യ മാക്കാവുന്നതാണ്' എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

പ്രസിദ്ധീകരണത്തെ തുടർന്ന് തന്നെ നിരോധിക്കുകയും കണ്ടു കെട്ടുകയും ചെയ്തിരുന്നെങ്കിലും ചേറൂർ പടപ്പാട്ട് ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് ഉണ്ടാക്കിയിട്ടുള്ള തലവേദന ചെറുതല്ലെന്നു അവരുടെ തന്നെ ആഖ്യാനങ്ങളിൽ നിന്ന് വ്യക്തമാണ്. ചേറൂർ പടപ്പാട്ടിനെ ബ്രിട്ടീഷുകാർ വിശേഷിപ്പിച്ചത് 'മത ഭ്രാന്തിന്റെ നാടോടിപ്പാട്ട്' (a ballad of religious fanaticism) എന്നാണ്. മലബാർ കലക്ടറായിരുന്ന എച്. വി കൊണോലി 1884ജനുവരിയിലെ ജുഡീഷ്യൽ കൺസൾട്ടേഷനിൽ മജിസ്ട്രേറ്റ് ഐ .എഫ് തോമസിനയച്ച കത്തിൽ ചേറൂർ കലാപത്തെക്കുറിച്ച് വിശദമായി വിവരിക്കുന്നു. അദ്ദേഹത്തിന് ചേരനാട് (shernaad) തഹസിൽദാറുടെ പക്കൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് ഹാലിളക്കം (hal yerikum) എന്ന പേരിൽ ചെറു സംഘം രൂപീകൃതമായതും അവരാണ് പ്രശ്നങ്ങളുടെ മൂല കാരണമെന്നുമാണ് അദ്ദേഹം വിശ്വസിക്കുന്നത് എന്ന് റിപ്പോർട്ട് ചെയ്യുന്നു. ഇത്തരം ഒരു സംഘം ഉണ്ടാവാനുള്ള

കാര്യ കാരണങ്ങൾ അദ്ദേഹം ഒന്നിലധികം തവണ മമ്പുറം തങ്ങളോട് അന്വേഷിക്കുന്നു. മേലധികാരി എന്ന നിലക്ക് അദ്ദേഹം ചേറൂർ സംഭവത്തിൽ ഇരുപക്ഷത്തും ചേർന്നില്ല എന്നും ആ സമീപനം സംതൃപ്തമായി ഭവിച്ചു എന്നും അദ്ദേഹം സ്വയം വിലയിരുത്തുന്നു.

1836മുതൽ മലബാറിൽ 'മാപ്പിളമാരുണ്ടാക്കിയ' അതിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നിടത്ത് മലബാർ മാന്വലിൽ[8] ചേറൂർ കലാപത്തെ പറ്റിയും പറയുന്നുണ്ട്. കപ്രാട്ട് പണിക്കരെ കൊലപ്പെടുത്തിയ സംഘത്തെ നേരിടാൻ കനത്ത പട്ടാള സംഘത്തെ അയക്കുന്നു. ഏറ്റുമുട്ടലിൽ ഒരു സുബേദാറും മൂന്നു ശിപായിമാരും ഏഴ് മാപ്പിളമാരും കൊല്ലപ്പെടുന്നു. ശേഷം, ചേറൂർ പടപ്പാട്ടിനെക്കുറിച്ച് ലോഗൻ പറയുന്നത് ഇങ്ങനെയാണ്: മേലുദ്ധരിച്ച അതിക്രമമാണ്, ഹാലിളക്കത്തിന്റെ പേരിൽ നാടോടിപ്പാട്ടിന്റെ രൂപത്തിൽ മാപ്പിളമാരെ ഹരം പിടിപ്പിച്ചതും മത ഭ്രാന്തന്റേതായ ഒരാക്രമണ പ്രസ്ഥാനം അഴിച്ചു വിടാൻ ഇടയാക്കിയതും' കൊണോലിയുടെ വിവരണത്തിൽ പരാമർശിക്കുന്ന 'ഹാലിളക്കം' ലോഗൻ ഉദാഹരണ സഹിതം പിന്നീടുള്ള താളുകളിൽ എഴുതുന്നു. മലബാറിലെ ബ്രിട്ടീഷ് സ്പെഷ്യൽ കമ്മീഷണറായിരുന്ന ടി എൽ സ്ട്രേഞ്ചിന്റെ അന്വേഷണ റിപ്പോർട്ടിലും ചേറൂർ കലാപവും പടപ്പാട്ടും പരാമർശിക്കുന്നുണ്ട്. കപ്രാട്ട് കൃഷ്ണപ്പണിക്കർ ഇരയും പ്രസ്തുത സംഭവം ഒരു ശുദ്ധ മത ഭ്രാന്തിനു ഉദാഹരണവുമായാണ് സ്ട്രേഞ്ച് അവതരിപ്പിക്കുന്നത്. കലാപത്തിൽ മമ്പുറം തങ്ങളുടെ പങ്കും തന്റെ അറിവ് വെച്ച് പടപ്പാട്ടിലുള്ള സംഭവ വിവരണങ്ങളുമെല്ലാം സത്യമാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മലബാറിലെ മാപ്പിളമാരുടെ ചരിത്രം അന്വേഷിച്ചെത്തിയ സ്റ്റീഫൻ ഡെയ്ൽ എന്ന ചരിത്രകാരനും മലപ്പുറം യുദ്ധത്തിന്റെ വിവരണത്തിന് പടപ്പാട്ടിനെ തന്നെയാണ് അവലംബിക്കുന്നത്. അദ്ദേഹം പറയുന്നു: "The mappila protagonist was a man called Ali Marakkar, who was soldier in the pay of the Brahman chief of the Malappuram area known as Para Nambi. Following a dispute between these two, the Para Nambi had Ali Marakkar killed and then according to the story, ordered that all the local Muslim tenants should be evicted from their lands. The Muslims then made a stand at the Malappuram mosque, where at least 44 were killed".[9]

ജന്മി- കുടിയാൻ-കൊളോണിയൽ ഏറ്റു മുട്ടലിന്റെ 'കഥ' പറയുന്ന ചേറൂർ പടപ്പാട്ടും ഓർമ്മകളുടെ പിൻബലത്തിൽ മോയിൻ കുട്ടി വൈദ്യർ പാട്ടിൽ കെട്ടിയ മലപ്പുറം പടയും പിൽക്കാലത്തു

മാപ്പിളമാരുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. അതിൽ മാപ്പിളമാരുടെ വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും പങ്ക് വളരെ വലുതാണ്. നേർച്ച, മൗലൂദ്, മാല, ആഴ്ച്ചചന്ത, ഇസ്ലാമിക ചരിത്രങ്ങൾ, മാപ്പിളപ്പാട്ടുകൾ എന്നിവയെല്ലാം മാപ്പിളയുടെ സ്വത്വ രൂപീകരണത്തിലെ പ്രധാന ഘടകങ്ങളാണ്. ചരിത്രകാരൻ ഡോ. എം ഗംഗാധരൻ സ്റ്റീഫൻ ഡെയ്ലിനോടൊപ്പം രചിച്ച "നേർച്ചയുടെ കേരളീയ മാനങ്ങൾ" എന്ന പ്രബന്ധത്തിൽ ഇങ്ങനെ നിരീക്ഷിക്കുന്നു: 'മാപ്പിളമാർക്ക് അവരുടെ ഭൂതകാലത്തെക്കുറിച്ചുള്ള വളരെ തുണ്ടു തുണ്ടായ ചില രേഖകളേയുള്ളൂ. ഈ പ്രമുഖ മുസ്ലിം സമൂഹത്തിന്റെ ചരിത്രവും മതപരമായ സംസ്കാരവും പഠിക്കാൻ സാധ്യമായ ഏറ്റവും പ്രധാന മാർഗങ്ങളിലൊന്നാണ് നേർച്ചകൾ'[10] ഇസ്ലാമിക ചരിത്രത്തിലേയും മാപ്പിള ചരിത്രത്തിലേയും വീര പോരാട്ട കഥകൾ തേഞ്ഞു മാഞ്ഞു പോവാതെ ഇടക്കിടക്ക് ഉണർത്താനുള്ള സന്ദർഭങ്ങളായിരുന്നു നേർച്ചകൾ. ഇസ്ലാമിക - മാപ്പിള ചരിത്രത്തിലെ വീര പുരുഷന്മാരുടെ രക്ത സാക്ഷിത്വവുമായി ബന്ധപ്പെട്ടു ഒട്ടേറെ നേർച്ചകൾ നിലനിന്നിരുന്നുവെന്ന് മാത്രമല്ല മലബാറിലെ മാപ്പിളമാരുടെ സാമൂഹിക ജീവിതത്തിൽ അവ വളരെ സജീവവുമായിരുന്നു. വിവിധ ദേശങ്ങളിലുള്ളവർക്ക് ഒത്തു കൂടാനും വീര ചരിതങ്ങളുടെ കനൽ കെടാതെ സൂക്ഷിക്കാനുമുള്ള സന്ദർഭങ്ങളായി നേർച്ചകൾ മാറി. മാപ്പിളമാരെ വരുതിയിൽ വരുത്താനുള്ള കൊളോണിയൽ ശ്രമങ്ങൾ പരാജയപ്പെട്ടതിൽ നേർച്ചയുടെയും അതിനോടനുബന്ധമായ മൗലൂദിന്റെയും പാട്ടുകളുടെയും വിശിഷ്യാ പടപ്പാട്ടുകളുടെയും സ്വാധീനം വിവിധ റിപ്പോർട്ടുകളിലും ഔപചാരിക സന്ദേശങ്ങളിലും പഠനങ്ങളിലും പരാമർശിക്കപ്പെട്ടിട്ടു.

മലപ്പുറത്തിന്റെ ചരിത്രം വിവരിക്കുന്നിടത്ത് സ്റ്റീഫൻ ഡെയിൽ രേഖപ്പെടുത്തുന്നു: in fact, the debacle commemorated by nercha is the first recorded event in the history of Muslim community of that area. (p75) മാപ്പിളമാരുടെ ജീവിതത്തിലും പിൽക്കാലത്തുള്ള ചരിത്രം 'കണ്ടെടുക്കലുകളിലും' നേർച്ചകൾക്കുള്ള പ്രാധാന്യമാണ് ഈ പ്രസ്താവന വ്യക്തമാക്കുന്നത്. "Mambram nercha helped to perpetuate the memories and doctrines of both Sayiyd Alawi and Sayyid Fadl, and the festival has continued to perform the function in the late twentieth century" മലബാറിലെ മാപ്പിളമാരെ അടിച്ചമർത്താൻ പല തരത്തിലുള്ള കുതന്ത്രങ്ങൾ മെനഞ്ഞ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് മാപ്പിളമാർക്കിടയിലുള്ള സ്വാധീനത്തിന്റെ പേരിൽ മമ്പുറം സയ്യിദ് ഫസൽ തങ്ങളെ നാട് കടത്തുക വരെ ചെയ്യേണ്ടി വന്നു. പക്ഷെ,

നേർച്ചകളിലൂടെയും മറ്റും 'തുടച്ചുമാറ്റിയ' ഓർമ്മകൾ പഴയ പടി തന്നെ നില നിന്നു. മമ്പുറം തങ്ങന്മാരുടെ ഓർമ്മകളിലൂടെ അവരുടെ ആശയങ്ങൾ പിൽക്കാലത്തും അതിജീവിച്ചു. ഇത് ചെറുതല്ലാത്ത തലവേദനയാണ് കൊളോണിയൽ ഭരണാധികാരികൾക്ക് ഉണ്ടാക്കിയത്.

ചേറൂർ പടപ്പാട്ടിനാധാരമായ സംഭവം നടന്നതും പാട്ട് രചിച്ചതും പൂർണ്ണമായും ബ്രിട്ടീഷ് പിരീഡിലാണ്, എന്നാൽ മലപ്പുറം പടപ്പാട്ടിന്റെ ചരിത്ര സന്ദർഭം ബ്രിട്ടീഷുകാർ മലബാറിൽ അധികാരമുറപ്പിക്കുന്നതിന് ആറു പതിറ്റാണ്ടു മുൻപാണ്. ജനങ്ങളുടെ ഓർമ്മകളിലും നേർച്ചകളിലുമൊക്കെയായി കിടന്നിരുന്ന ആ ചരിത്ര സംഭവം മോയിൻകുട്ടി വൈദ്യർ 'പാട്ടി'ലാക്കുമ്പോഴേക്ക് ഒന്നര നൂറ്റാണ്ട് കഴിഞ്ഞിരുന്നു. ചേറൂർ പടപ്പാട്ട് പ്രസിദ്ധീകരണത്തിന് 34വർഷങ്ങൾക്ക് ശേഷമാണ് മലപ്പുറം പടപ്പാട്ട് പിറക്കുന്നത്. ചരിത്രാവതരണത്തിൽ ചേറൂർ പടപ്പാട്ട് തിരൂരങ്ങാടി, ചെറൂർ, പൊന്മള, വെന്നിയൂർ തുടങ്ങിയ ഏറനാട്ടിലെ സ്ഥലങ്ങളിൽ മാത്രം ഒതുങ്ങുന്നു. മലപ്പുറം കലാപവും ചേറൂർ കലാപം പോലെ ഒരു പ്രാദേശിക വിഷയമായിരുന്നെങ്കിലും വൈദ്യർ കേരളവുമായി ബന്ധപ്പെട്ട കുറെ കൂടി ബ്രഹത്തായ ചരിത്ര സംഭവങ്ങൾ അവതരിപ്പിക്കുന്നു. കലാപ കാരണങ്ങളിലും സംഘട്ടനങ്ങളുടെ അവതരണങ്ങളും മതത്തിന്റെ പങ്ക് രണ്ട് ചരിത്ര കാവ്യങ്ങളിലും സമാനമാണ്. ചേറൂർ സംഭവത്തിൽ ദളിത് മതാരോഹണത്തിന്റെ വായന സാദ്ധ്യതകൾ കൂടി കാണാം. ഏറെ സമാനതകളും വ്യത്യാസങ്ങളുമുള്ള ഈ രണ്ട് പടപ്പാട്ടുകളും പിൽക്കാലത്തു ഒരേ പോലെ മാപ്പിളമാരുടെ കൂട്ടായ ഓർമ്മകളെ സ്വാധീനിക്കുന്നുണ്ട്. ഈ രണ്ടു പടപ്പാട്ടോർമ്മകൾ ഒരേ പോലെ ഫ്യൂഡൽ- കൊളോണിയൽ കൂട്ടുകെട്ടിനു പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നുവെന്നതിനു രേഖകൾ സാക്ഷിയാണ്. ചേറൂർ പടയിൽ ബ്രിട്ടീഷ് പട്ടാളം നേരിട്ട് പങ്കെടുക്കുന്നു, പക്ഷെ പ്രീ-ബ്രിട്ടീഷ് പിരീഡിലുള്ള സംഭവമായതിനാലാവാം കൊളോണിയൽ ശക്തികൾക്ക് മലപ്പുറം പടപ്പാട്ടിന്റെ സ്വാധീനം കണ്ടെത്താൻ കുറച്ചു കൂടി സമയമെടുത്തു. ചേറൂർ പടപ്പാട്ട് പ്രസിദ്ധീകരണ ശാലയിൽ വെച്ച് തന്നെ കണ്ടു കെട്ടുന്നുവെങ്കിൽ മലപ്പുറം പടപ്പാട്ടിനെക്കുറിച്ച് കൂടുതൽ അറിയാൻ അവർക്ക് ഗവേഷണം തന്നെ നടത്തേണ്ടി വന്നു.

വാമൊഴികൾ പിൽക്കാലത്തു ചരിത്രങ്ങളായി ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത രണ്ടു സംഭവങ്ങളുടെ കാര്യത്തിലും പ്രകടമാണ്. ഈ ചരിത്ര 'നിർമ്മാണത്തിൽ'

പാട്ടുകളുടെ പങ്ക് വളരെ വലുതാണ്. കൊന്നാലും ജീവൻ നഷ്ടപ്പെടാത്ത ഓർമ്മകളിലായി രക്ത സാക്ഷികൾ വിവിധ രൂപങ്ങളിൽ മാപ്പിളമാർക്കിടയിൽ അതി-ജീവിച്ചു. ചേറൂർ ശുഹദാക്കളുടെ മരണ ശേഷം അവർ മരിച്ച സ്ഥലത്ത് ഒരു പള്ളി ഉയരുകയും അവരുടെ ഓർമ്മയിൽ വഴിപാടുകൾ നടത്തുന്നതി നെയും ടി.എൽ സ്ട്രേഞ്ച് തന്റെ റിപ്പോർട്ടിൽ ഉദ്ധരിക്കുന്നുണ്ട്. മഹത്വവൽക്കരണത്തിലൂടെയും കാൽപനികവൽക്കരണത്തി ലൂടെയും പടപ്പാട്ടുകൾ ജന്മി വിരുദ്ധ, കോളനി വിരുദ്ധ പോരാട്ടത്തി നും കൂടാതെ അനീതിക്കും അടിച്ചമർത്തലുകൾക്കു മെതിരെ സമരോൽസുകമായ പോരാട്ട പാരമ്പര്യത്തിന്റെ വളർച്ചയിലും നിർണ്ണായകമായി എന്ന കെ. എൻ പണിക്കരുടെ നിരീക്ഷണം ഓർമ്മകളുടെ പശ്ചാത്തലത്തിൽ കലാപങ്ങളുടെ പുനർവായനയിൽ ഏറെ പ്രസക്തമാണ്. Against Lord and State: Religion and Peasant Uprisings in Malabar, 1836-1921 എന്ന വിഖ്യാദമായ പുസ്തകത്തിൽ കെ. എൻ പണിക്കർ എഴുതുന്നു: “the contribution of the folk songs and ballads was a very vital factor in the growth of a collective consciousness of this heroic tradition”.[11] നേർച്ചയുടെ ഭാഗമായും അല്ലാതെയുമുള്ള മൗലൂദുകളിലൂടെയും പടപ്പാട്ടുകളിലൂടെയും മാലകളിലൂടെയു മൊക്കെയാണ് മാപ്പിളമാർ ലോകത്തെ അറിഞ്ഞതും പിൻപറ്റിയതും. ഇത്തരം ‘പാട്ടും ബൈത്തു’കളിലൂടെയും ധീരതയുടെയും സമർപ്പ ണത്തിന്റെയും ഓർമ്മകൾ അവർ കൈമോശം വരാതെ തലമുറകൾ ക്ക് കൈമാറി. പല നിയമ നിർമ്മാണങ്ങളിലൂടെയും ബ്രിട്ടീഷ് ഉദ്യോഗസ്ഥർ പടപ്പാട്ടുകളും മറ്റും നിരോധിച്ച് കണ്ടു കെട്ടിയിരു ന്നെങ്കിലും 1921ലെ മലബാർ കലാപ പോരാളികൾക്കിടയിലും അവ സജീവമായിരുന്നു. മാപ്പിളമാരുടെ എല്ലാ ചിഹ്നങ്ങളെയും തകർത്ത കൊളോണിയൽ ശക്തികൾ അവരുടെ ഓർമ്മകളെ ‘പിടിച്ചു കെട്ടുന്നതിൽ’ പരാജയപ്പെട്ടു. രക്ത സാക്ഷിത്വം വരിക്കാൻ തയ്യാറായ മാപ്പിളമാർ ശരീരത്തിൽ പടപ്പാട്ടിന്റെ ശീലുകൾ കെട്ടുന്നതിലൂടെ ധൈര്യം സംഭരിച്ചു. തങ്ങൾക്കു പരിചയമില്ലാത്ത പടപ്പാട്ടുകളെക്കിറിച്ച് പഠിക്കാനായി എഫ്. ഫോസ്റ്റ് എന്ന ഉദ്യോഗസ്ഥനെ കൊളോണിയൽ ഭരണകൂടം ചുമതലപ്പെടുത്തി. ‘മലബാറിലെ മാപ്പിളമാരുടെ പടപ്പാട്ടുകൾ’ എന്ന ശീർഷകത്തിൽ എഫ്. ഫോസ്റ്റ് മലപ്പുറം പടപ്പാട്ട് അടക്കമുള്ള പടപ്പാട്ടുകളെകുറിച്ച് ‘ദി ഇന്ത്യൻ ആന്റിക്വറിയി’ൽ 1910നവംബർ, ഡിസംബർ മാസങ്ങളിൽ ലേഖനമെഴുതി. അത് മാപ്പിളപ്പാട്ടിനെക്കുറിച്ചുള്ള ഒരു പഠനമായി എന്നല്ലാതെ മാപ്പിളമാരെ അടിച്ചമർത്തുന്നതിൽ അതിന്

പ്രത്യേകിച്ചൊന്നും ചെയ്യാനായില്ല. ഓർമ്മകളെ അടിസ്ഥാനപ്പെടുത്തി ചരിത്ര കാവ്യം രചിക്കുന്നതിലൂടെ എഴുത്തുകാരൻ സംഭവ വിവരണം മാത്രമല്ല നടത്തുന്നത്, അവ രൂപകങ്ങളായി ചരിത്രത്തെ പുനർനിർമ്മിച്ച് കൊണ്ടിരിക്കുന്നു. പിൽക്കാലത്തു സമുദായത്തിനിടയിൽ പല ശുദ്ധീകരണ പ്രവണതകൾ ഉണർന്നു വന്നെങ്കിലും ഈ രൂപകങ്ങൾ ഇന്നും സജീവമായി നിലനിൽക്കുന്നു. കാലക്രമേണ വിവിധ രീതിശാസ്ത്രങ്ങൾ അവലംബിച്ച് മലബാറിനെക്കുറിച്ചും മാപ്പിളമാരെക്കുറിച്ചും 'ശാസ്ത്രീയമായി സത്യാന്വേഷണം' നടത്തുമ്പോഴും പടപ്പാട്ടുകൾ പുതു ചരിത്ര രചനയുടെ സാദ്ധ്യതകൾ വിളിച്ചോതുന്നു.

## കുറിപ്പ്


1. ബാലകൃഷ്ണൻ വള്ളിക്കുന്ന്, ഡോ. ഉമർ തറമേൽ, മാപ്പിളപ്പാട്ട് പഠനവും പാഠവും , അദർ ബുക്സ്, കോഴിക്കോട്, 2018.
2. ബാലകൃഷ്ണൻ വള്ളിക്കുന്ന്, മലപ്പുറം പടപ്പാട്ട്: പാഠവും പഠനവും, മഹാ കവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടി, 2016. (അവതാരിക - ഡോ. കെ കെ മുഹമ്മദ് അബ്ദുൽ സത്താർ)
3. Ibid p.21
4. Ibid p.21
5. ഡോ. വി ഹിക്മത്തുള്ള, മാപ്പിള സാഹിത്യവും മലയാള ഭാവനയും, ബുക് പ്ലസ്ചെമ്മാട്, 2017.
6. ഡോ. പി. സക്കീർ ഹുസൈൻ, ചേറൂർ പടപ്പാട്ട് കനൽ പഥങ്ങളിലെ ഇശൽ ജ്വാലകൾ, ഐ.പി.ബി ബുക്ക്സ് കോഴിക്കോട്,2018.
7. Ibid p.31.
8. വില്യം ലോഗൻ, മലബാറിന്റെ ചരിത്രം, മാതൃഭൂമി ബുക്സ് കോഴിക്കോട്, 2008.
9. Stephen Federic Dale, Islamic Society on the South Asian Frontierp The mappilas of Malabar 1498 p.1922. Clarendon Press, Oxford, 1980.
10. എം.ഗംഗാധരൻ, മാപ്പിള പഠനങ്ങൾ, വചനം ബുക്സ് കോഴിക്കോട്,2007.
11. K.N Panikkar, Against Lord and State Religion and Pesant Uprisings in Malabar, 1836 p.192, Oxford University Press, Delhi, 1989.



**അബ്ദുൽ ബാരി. സി**
അസിസ്റ്റന്റ് പ്രൊഫസർ
മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്
വേങ്ങര
9847823407